"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2024 ഓണത്തോടനുബന്ധിച്ച് സൗജന്യമായി ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.892/2024/LBR തീയതി, തിരുവനന്തപുരം, 27-08-2024

---

പരാമർശം:- ലേബർ കമ്മീഷണറുടെ 22.07.2024 തീയതിയിലെ LCO/2644/2024/W(4) നമ്പർ കത്ത്

**ഉത്തരവ്**

കേരളത്തിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ റേഷൻകാർഡ് ഉടമകളായ 1833 തൊഴിലാളികൾക്ക് 1,000/- രൂപയുടെ ഓണക്കിറ്റ് വിതരണം ചെയ്യുന്നതിനുള്ള തുകയ്ക്ക് വിനിയോഗാനുമതി നൽകണമെന്ന് പരാമർശകത്ത് പ്രകാരം ലേബർ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ റേഷൻകാർഡ് ഉടമകളായ 1833 തൊഴിലാളികൾക്ക് 2024-25 സാമ്പത്തിക വർഷം നിത്യോപയോഗ സാധനങ്ങളായ അരി (20 Kg), പഞ്ചസാര (1 kg), വെളിച്ചെണ്ണ (1 L) എന്നിവ നിലവിലെ നിരക്കിൽ സപ്ലൈകോ മുഖേന "2230-01-103-62-10 - പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി സംഭാവന (NP)" ശീർഷകത്തിൽ നിന്നും 19,23,953.46/- രൂപ (പത്തൊൻപത് ലക്ഷത്തി ഇരുപത്തി മൂവായിരത്തി തൊള്ളായിരത്തി അൻപത്തി മൂന്ന് രൂപ നാൽപ്പത്തി ആറ് പൈസ മാത്രം) വിനിയോഗിക്കുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ലേബർ കമ്മീഷണർ സപ്ലൈകോ മാനേജിംഗ് ഡയറക്ടറുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (തൊഴിൽ) വകുപ്പ്( 2866543/LBR-2/209/2024-FIN തീയതി : 22.08.2024)
ഫുഡ് & സിവിൽ സപ്ലൈസ് വകുപ്പ്

കരുതൽ ശേഖരം / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Swopna Raj
Date: 27-08-2024 16:10:54